# STD - II

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്      രക്ഷകന്റെ വരവ്      ഭാഗം - ഒന്ന്**

### ലക്ഷ്യം

പാപത്തിൽ കഴിഞ്ഞിരുന്ന മനുഷ്യനെ വീണ്ടെടുക്കാനായി ദൈവം അയയ്ക്കാമെന്ന് വാഗ്ദാനം ചെയ്ത, സകലജനത്തിന്റെയും രക്ഷകനാണ് ഈശോ. രക്ഷകനായ യേശുവിൽ വിശ്വസിച്ചുകൊണ്ട് മറ്റുള്ളവരെ സ്നേഹിച്ചും സേവിച്ചുംകൊണ്ട് ജീവിക്കും.

### പഠനസഹായികൾ

* വചനം - ലൂക്കാ. 2:10, 11, 31
* ചിത്രം - ഉണ്ണീശോയും, മാതാവും, ഔസേപ്പ് പിതാവും
* മാതാപിതാക്കൾ കുട്ടികളോട് വാഗ്ദാനം ചെയ്തിരുന്ന കാര്യം ചെയ്തുകൊടുക്കുമ്പോൾ കുട്ടികളിൽ ഉണ്ടാകുന്ന സന്തോഷത്തെക്കുറിച്ച് അനുഭവ കഥയിലൂടെയുള്ള വിവരണം
* ചിത്രം - പുൽക്കൂട്

### പാഠത്തിന്റെ ഉള്ളടക്കം

* രക്ഷകനായ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് പറഞ്ഞ കർത്താവിന്റെ ദൂതൻ
* യേശുവിന്റെ ജനനത്തെപ്പറ്റി കർത്താവിന്റെ ദൂതൻ ആദ്യം വെളിപ്പെടുത്തിയത് ആട്ടിടയന്മാരോട്
* "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" - മാലാഖമാരുടെ സ്തുതിയാലാപനം
* കാലിത്തൊഴുത്തിൽ പുൽത്തൊട്ടിയിൽ കിടക്കുന്ന പൊന്നുണ്ണിയെ കുമ്പിട്ടാരാധിക്കുന്ന ആട്ടിടയന്മാർ
* സർവജനത്തിനുവേണ്ടിയുള്ള ഈ സന്തോഷവാർത്ത, ആട്ടിടയന്മാർ ദൈവത്തെ സ്തുതിച്ചുകൊണ്ട് എല്ലാവരെയും അറിയിക്കുന്നു.

### പ്രാർത്ഥന

രക്ഷകനായ എന്റെ ഉണ്ണീശോയെ, നിത്യവും അങ്ങയെ സ്തുതിച്ചുകൊണ്ട്, മറ്റുള്ളവർക്കു നന്മ ചെയ്തു ജീവിക്കുവാൻ എന്നെ പഠിപ്പിക്കണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. ഈശോയുടെ ജനനത്തെക്കുറിച്ച് കർത്താവിന്റെ ദൂതൻ ആദ്യം ആരെയാണ് അറിയിച്ചത്?
2. ഏത് സ്ഥലത്തെ മലഞ്ചെരിവുകളിൽ കിടന്നുറങ്ങുമ്പോഴാണ് കർത്താവിന്റെ ദൂതൻ ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി ആട്ടിടയന്മാരോട് പറഞ്ഞത്?
3. സകല ജനത്തിനുംവേണ്ടിയുള്ള മഹത്തായ സന്തോഷവാർത്ത എന്താണ്?
4. മാലാഖമാരുടെ ഗാനത്തിന്റെ സന്ദേശം എന്തായിരുന്നു?
5. ഉണ്ണീശോയെ ആരാധിച്ചു മടങ്ങിയ ആട്ടിടയന്മാർ എന്തു ചെയ്തു?

# STD - II

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്  രക്ഷകന്റെ വരവ്  ഭാഗം - രണ്ട്**

### ലക്ഷ്യം

ദൈവം നമ്മുടെ രക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച സന്തോഷമാണ് ക്രിസ്മസ്. ഇമ്മാനുവേലായ ഈശോനാഥനെ നമുക്ക് സ്തുതിച്ച് പ്രകീർത്തിക്കാം. ഈശോയ്ക്ക് പിറക്കാൻ ഹൃദയത്തിൽ ഇടം നൽകിക്കൊണ്ട് മറ്റുള്ളവരെ സഹായിക്കാം.

### പഠനസഹായികൾ

* വചനം - ലൂക്കാ. 2:1-20- യേശുവിന്റെ ജനനം
* ഈശോയുടെ ജനനം അവതരിപ്പിക്കുന്ന ആനിമേഷൻ - വീഡിയോ (യൂട്യൂബ്)
* ചാർട്ട് - ഈശോ, എമ്മാനുവേൽ, ക്രിസ്മസ്, എന്നീ പേരുകളും അർത്ഥവും
* വചനം - മത്താ. 2:1-15 - ജ്ഞാനികളുടെ സന്ദർശനം + ഈജിപ്തിലേക്കുള്ള പലായനം - വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ എന്ന പേരിന്റെ അർത്ഥം - രക്ഷകൻ
* ഈശോയുടെ പിറവിതിരുനാളാണ് ക്രിസ്മസ്
* എമ്മാനുവേലായ ഈശോ
* ദൈവം മനുഷ്യനായി അവതരിച്ച ദിനം - ക്രിസ്മസ്
* ദൈവം എല്ലാ സമയത്തും നമ്മോടുകൂടെ വസിക്കുന്നു.
* ഉണ്ണിയെ കാണാൻ വരുന്ന ജ്ഞാനികൾ
* ഈജിപ്തിലേക്കുള്ള പലായനം

### പ്രാർത്ഥന

ദൈവമേ, ഉണ്ണീശോയെപ്പോലെ എളിമയോടെ മറ്റുള്ളവർക്കു നന്മ ചെയ്തുകൊണ്ട് വളരുവാൻ ഞങ്ങൾക്കു കൃപയേകണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. ഈശോ എന്ന പേരിന്റെ അർത്ഥമെന്ത്?
2. എമ്മാനുവേൽ എന്ന് വിളിച്ചത് ആരെ? ആ പേരിന്റെ അർത്ഥമെന്താണ്?
3. ക്രിസ്മസ് കൊണ്ടാടുന്നത് ഏത് ദിനത്തിലാണ്?
4. ക്രിസ്മസ് എന്നാൽ എന്ത്?
5. ഹെറോദേസ് രാജാവ് ഉണ്ണിയെ കൊല്ലാൻ കല്പിച്ചപ്പോൾ യൗസേപ്പ് പിതാവും മറിയവും ഉണ്ണിയേശുവും എവിടേക്കാണ് രക്ഷപ്പെട്ടുപോയത്?